**പതിനാലാം കേരള നിയമസഭ**

**നാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത**

**നിയമസഭാ ചോദ്യം നം : 3425** **14.03.2017 ലെ മറുപടിക്ക്**

# പിൻവാതിൽ നിയമനങ്ങൾ സ്ഥിരപ്പെടുത്തുന്നത് തടയാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഒ. രാജഗോപാൽ : | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) 29/08/2011 ലെ സ.ഉ.(എം.എസ്) 164/11/ഉവിവ ഉത്തരവ് പ്രകാരം കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിൽ മുപ്പത്തിയൊന്നുപേരെ സ്ഥിരപ്പെടുത്തിയ തീരുമാനം ബഹു. സുപ്രീംകോടതി ഭരണഘടനാ ബെഞ്ചിന്റെ നിർദ്ദേശങ്ങൾക്കും ഉമാദേവി കേസിലെ വിധിക്കും വിരുദ്ധവും സംവരണ തത്വങ്ങൾ പാലിക്കാതെയുള്ളതുമാണെന്ന് കണ്ടെത്തി മുൻ സർക്കാർ റദ്ദ് ചെയ്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) അതേ സർക്കാർ തന്നെ 19/09/2015 ലെ സ.ഉ(എം.എസ്) 241/15/പൊ.ഭ.വ. ഉത്തരവ് പ്രകാരം ന്യൂഡൽഹി കേരള ഹൗസിലെ നാല്പത്തിയൊന്ന് പിൻവാതിൽ നിയമനങ്ങൾ അനധികൃതമായി സ്ഥിരപ്പെടുത്തിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; പ്രസ്തുത നിയമനം റദ്ദ് ചെയ്യാൻ എന്തൊക്കെ നടപടികളാണ് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ ; | (ബി)&(സി) ഉണ്ട്, ന്യൂഡൽഹി കേരള ഹൗസിലെ നിയമനം സംബന്ധിച്ച് വിജിലൻസ് അന്വേഷണം ഉൾപ്പെടെ ആവശ്യപ്പെട്ടു കൊണ്ടുള്ള പരാതികൾ ലഭിച്ചിരുന്നു. പ്രസ്തുത പരാതികൾ പരിശോധിക്കുകയും സർക്കാർ ഉത്തരവ് (എം.എസ്) 241/15/പൊ.ഭ.വ പ്രകാരം ന്യൂഡൽഹി കേരള ഹൗസിൽ സ്ഥിരപ്പെടുത്തിയ 40 ജീവനക്കാരുടെ നിയമനം ബഹു: സുപ്രീംകോടതി വിധികൾക്കും നിലവിലുള്ള നിയമനതത്വങ്ങൾക്കും വിരുദ്ധമായതിനാൽ 25/02/2017 ലെ സർക്കാർ ഉത്തരവ് (എം.എസ്) 49/17/പൊ.ഭ.വ പ്രകാരം പ്രസ്തുത നിയമനം റദ്ദ് ചെയ്ത് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. |
| (സി) പ്രസ്തുത നിയമനങ്ങളിൽ വൻ അഴിമതിയും സ്വജനപക്ഷപാതവും ഉണ്ടെന്നാരോപിച്ച് വിജിലൻസ് അന്വേഷണം ആവശ്യപ്പെട്ട് പരാതികൾ ലഭിച്ചിട്ടുണ്ടോ ; ഇതിൽ എന്തു നടപടി സ്വീകരിച്ചെന്ന് വിശദമാക്കാമോ ; ബന്ധപ്പെട്ട കേസ്സിൽ ബഹു: സുപ്രീം കോടതി ഭരണഘടനാ ബെഞ്ചിന്റെ നിർദ്ദേശങ്ങളും ഉത്തരവുകളും മനപ്പൂർവ്വം മറച്ചുവച്ച് സർക്കാരിനെ തെറ്റിദ്ധരിപ്പിച്ച് സ്ഥിരപ്പെടുത്തൽ ശിപാർശ നടത്തിയ ഉദ്യോഗസ്ഥർക്കെതിരെ എന്തു നടപടി സ്വീകരിക്കുമെന്ന് വെളിപ്പെടുത്താമോ ; | |

| | |
|---|---|
| (ഡി) പി.എസ്.സി.യെ നോക്കുകുത്തിയാക്കിയും ഭരണഘടനാ ലംഘനം നടത്തിയും സംവരണതത്വങ്ങൾ അട്ടിമറച്ചും ബഹു. സുപ്രീം കോടതി നിർദ്ദേശങ്ങൾക്കു വിരുദ്ധമായുള്ള, പിൻവാതിൽ നിയമനങ്ങൾ സ്ഥിരപ്പെടുത്തൽ എല്ലാക്കാലത്തേയ്ക്കുമായി തടയുന്നതിന് നിയമനിർമ്മാണം നടത്താൻ അടിയന്തിര നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ നൽകുമോ ? | (ഡി) ഈ വിഷയത്തിൽ നയപരമായ തീരുമാനം ഒന്നും കൈക്കൊണ്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ